**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ **2903** 10.05.2017 ൽ മറുപടിക്ക്

## ഔദ്യോഗിക വെബ്സൈറ്റുകൾ ഏകീകൃത മാതൃകയിലാക്കുന്ന നടപടി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. പി.കെ. ബഷീർ** | **ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി)** |
| (എ) സർക്കാർ വകുപ്പുകളുടെയും ഏജൻസികളുടെയും ഔദ്യോഗിക വെബ്സൈറ്റുകൾ പലതും ഫലപ്രദമല്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഇല്ല. |
| (ബി) വെബ്സൈറ്റുകൾ ഏകീകൃത മാതൃകയിലാക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ടോ; | (ബി) & (സി) വിവിധ സർക്കാർ വകുപ്പുകളുടെ വെബ്സൈറ്റുകൾ തയ്യാറാക്കുന്നതിനുള്ള മാർഗനിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. |
| (സി) ഉണ്ടെങ്കിൽ ഇക്കാര്യത്തിലെ പുരോഗതി വിശദമാക്കുമോ; | |
| (ഡി) സർക്കാർ വെബ്സൈറ്റുകൾ ഫലപ്രദമായും കാര്യക്ഷമമായും പ്രവർത്തിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിന് മോണിട്ടറിംഗ് സംവിധാനം ഏർപ്പെടുത്തുമോയെന്ന് വ്യക്തമാക്കുമോ? | (ഡി) വിവിധ വകുപ്പുകളുടെ വെബ്സൈറ്റുകളുടെ നിയന്ത്രണനിർവ്വഹണം നടത്തുന്നത് അതാത് വകുപ്പുകൾ തന്നെയാണ്. ഇത്തരം വെബ്സൈറ്റുകൾക്ക് പൊതുവായ ഒരു മോണിറ്ററിംഗ് സംവിധാനം ഏർപ്പെടുത്തുന്ന വിഷയം നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.<br>സർക്കാർ വെബ്സൈറ്റുകൾ ഫലപ്രദവും കാര്യക്ഷമവുമാക്കുന്നതിനായും, വകുപ്പുകളുടെ വിവിധ തരം സേവനങ്ങൾ ഒരു കുടക്കീഴിൽ കൊണ്ടുവരിക എന്ന ഉദ്ദേശത്തോടെയും രൂപീകരിക്കപ്പെട്ട എസ്.എസ്.ഡി.ജി പദ്ധതി പ്രകാരം എല്ലാ വകുപ്പുകളുടേയും സേവനങ്ങൾ കേരള സർക്കാർ ഔദ്യോഗിക വെബ്സൈറ്റിലൂടെയും ഏകീകൃത മൊബൈൽ ആപ്ലിക്കേഷനിലൂടെയും പൊതുജനങ്ങൾക്ക് |

ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. ഇതു വഴി വിവിധ വകുപ്പുകളുടെ വെബ്സൈറ്റ് അഡ്രസ്സുകളും അതു സംബന്ധിച്ച ലോഗിൻ വിവരങ്ങളും ഓർത്തുവയ്ക്കുന്നതിനു പകരം പൊതുജനങ്ങൾക്ക് ഒരൊറ്റ വെബ്സൈറ്റിൽ ലോഗിൻ ചെയ്ത് എല്ലാ സർക്കാർ സേവനങ്ങളും ഉപയോഗപ്പെടുത്താൻ സാധിക്കും.

സെക്ഷൻ ഓഫീസർ